**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 388** | **29-01-2024 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എല്ലാ സ്കൂളുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രജിസ്റ്റർ നമ്പർ നല്കി അവയ്ക്ക് ഘടനാപരമായ ഒരു പൊതുസ്വഭാവം ഉറപ്പ് വരുത്തുന്നതിനും ക്ലബ്ബ് അംഗങ്ങളുടെ അച്ചടക്കം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്, ക്ലബ്ബുകളിൽ അംഗങ്ങളായ കുട്ടികൾ സ്കൂളുകളിൽ നിന്ന് വിട്ടുതൽ ചെയ്തു പോകുന്ന മുറയ്ക്ക് ഓരോ വർഷവും ക്ലബ്ബുകൾ പുന:സംഘടിപ്പിച്ച് വരുന്നു, വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നത് അതാത് വിദ്യാലയത്തിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മേൽനോട്ടത്തിൽ ആണ്, ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റേഞ്ചിലെ ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്, വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നതിന് എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനറായി ചുമതലപ്പെടുത്തിയിട്ടുണ്ട്, ലഹരി വിരുദ്ധ ക്ലബ്ബുകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ച് വരുകയാണ്, ലഹരി വിരുദ്ധ ക്ലബ്ബിൽ അംഗങ്ങൾ ആകുന്ന കുട്ടികൾ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങൾ വിപുലീകരിച്ച് അവ പാലിക്കുന്നതിന് ക്ലബ്ബുകൾക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്, നേതൃത്വ പാടവം ആശയ വിനിമയം സംവാദം ക്രിയേറ്റീവ് റൈറ്റിംഗ് തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വരുന്നുണ്ട്, ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ സ്കൂളുകളിലെ ലഹരി വിരുദ്ധ |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ കായിക ഇനങ്ങളിൽ ''ടീം വിമുക്തി'' എന്ന പേരിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്, കുട്ടികളിലെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുക അതുവഴി കുട്ടികളെ ബോധവൽക്കരണ പരിപാടികളിൽ പരമാവധി ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നു, ചെറിയ പ്രായം മുതൽക്കു തന്നെ നല്ല ശീലങ്ങൾ കുട്ടികളെ പഠിപ്പിക്കുക, ലക്ഷ്യബോധം വളർത്തുക, കലാ കായിക മത്സരങ്ങളിൽ പ്രാവീണ്യം നേടുക, ശാരീരിക ആരോഗ്യം സംരക്ഷിക്കുക, ദുഷ് പ്രവണതകളിൽ നിന്നും അകലം പാലിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളോടെ പ്രൈമറി തലത്തിൽ ''ബാല്യം അമൂല്യം'' എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ